ചിലരെ അതാത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ ജൂനിയർ അസിസ്റ്റന്റുമാരായി നിയമിച്ചിരിക്കാം. അങ്ങനെയുള്ളവരുടെ ലിസ്റ്റ് ഫീൽഡിൽനിന്നും ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇപ്പോൾ 152 പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ട്. അവർ 28/6/99-ന് തുടങ്ങുന്ന പരിശീലനം കഴിഞ്ഞ് 4/7/1999-ൽ അതാത് ഓഫീസിൽ ജോലിയ്ക്ക് ഹാജരാകുന്നതാണ്. നിയമിതരായ 152 പേർ 4/7/99 വരെ ട്രെയിനിംഗിലായതിനാൽ, 152 ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകൾ 4/7/99 വരെ ഒഴിഞ്ഞുകിടക്കുകയാണ്.

(ഡി) മേല്പറഞ്ഞ 152 പേരുടെ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകൾ നിലനിൽക്കെ, നാലുപേർക്ക് ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. കൺസ്യൂമേഴ്സിന് ബുദ്ധിമുട്ട് ഒഴിവാക്കുവാൻവേണ്ടിയുള്ള താൽക്കാലിക നിയമനം മാത്രമാണിത്.

(ഇ) മേല്പറഞ്ഞ 152 കാഷ്യർമാർ 4/7/99-ന് അതാത് ഓഫീസുകളിൽ ഹാജരാകുന്ന മുറയ്ക്ക് താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടുന്നതാണ്.

വൈദ്യുതി ബോർഡിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം

162 (946)ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ എക്സിക്യൂട്ടീവ്, മിഡിൽ ലെവൽ എക്സിക്യൂട്ടീവ്, ലോവർ കാറ്റഗറി, വർക്കർ കാറ്റഗറി എന്നീ ഓരോ ഇനത്തിലും ഉള്ള ജീവനക്കാരുടെ എണ്ണം എത്രവീതമാണ്;

(ബി) ഓരോ വിഭാഗത്തിലെയും പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം എത്രയെന്നും വ്യക്തമാക്കുമോ;

(സി) പട്ടികവിഭാഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്താൻവേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20.3.1985-ലെ ജി.ഒ. (എം.എസ്.) നമ്പർ 114/85/ജി.എ.ഡി., 10/11/1993-ലെ ജി.ഒ. (എം.എസ്.) നമ്പർ 23/93/പി.എൽ.ജി., 22/1/1994-ലെ ജി.ഒ. (എം.എസ്.) നമ്പർ 25/94/ജി.എ.ഡി. അടക്കമുള്ള വിവിധ ഉത്തരവുകൾ ലംഘിച്ചതിനു കാരണക്കാരായ ബോർഡിലെ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കാൻ സർക്കാർ തയ്യാറാകുമോ;

(ഡി) പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യക്കുറവ് സമയബന്ധിതമായി പരിഹരിക്കാൻ സർക്കാർ എന്ത് നടപടി എടുക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 31/12/97-ലെ കണക്ക് പ്രകാരം ടോപ്പ്ലെവൽ എക്സിക്യൂട്ടീവ് കാറ്റഗറിയിൽ 21 പേരും മിഡിൽ ലെവൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ 3721 പേരും ലോവർ കാറ്റഗറിയിൽ 11478 പേരും വർക്കർ കാറ്റഗറിയിൽ 11173 പേരും ഉണ്ട്.

(ബി) 31/12/97-ലെ കണക്ക് പ്രകാരം പട്ടികവിഭാഗത്തിനുള്ള മൊത്തം പ്രാതിനിധ്യം 12.36 ശതമാനമാണ്. കാറ്റഗറി തിരിച്ചുള്ള പ്രാതിനിധ്യം താഴെപ്പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

1) ടോപ്പ്‌ലെവൽ എക്സിക്യൂട്ടീവ് വിഭാഗം - 2 (9.52%)
2) മിഡിൽ ലെവൽ " - 277 (7.44%)
3) ലോവർ കാറ്റഗറി - 1353 (11.79%)
4) വർക്കർ കാറ്റഗറി - 1629 (14.58%)

(സി) പട്ടികവിഭാഗക്കാർക്കുള്ള പ്രാതിനിധ്യം സംബന്ധിച്ചു ഗവ ണ്മെന്റ് ഓർഡറുകൾ ലംഘിച്ചതായി ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബോർഡിൽ പട്ടികവിഭാഗക്കാർക്കുള്ള പ്രാതിനിധ്യം ഉറപ്പുവരു ത്തുന്നതിന് ചീഫ് പേഴ്സണൽ ഓഫീസറുടെ നിയന്ത്രണത്തിലുള്ള ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. 31/12/98-ലെ പ്രാതിനിധ്യനില അവലോ കനം ചെയ്യുന്നതിനുള്ള നടപടി പ്രസ്തുത സെൽ സ്വീകരിച്ചുവരികയാണ്. ഏതെങ്കിലും വിഭാഗത്തിന് പ്രാതിനിധ്യം കുറവാണെന്ന് കണ്ടാൽ അവ പരി ഹരിക്കുന്നതിനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചുവരുന്നുണ്ട്.

റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്ക് പുനർ നിയമനം

163 (947)ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛ ക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വിദ്യുച്ഛക്തി വകുപ്പിന്റെ ഏതെങ്കിലും ഓഫീ സുകളിൽ ഇപ്പോൾ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്ക് പുനർനിയമനം നൽകി യിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സെക്ഷനുകളിൽ എത്രപേർ വീതം ജോലിയിൽ തുടരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇവർ ഏതൊക്കെ തസ്തികയിലാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ഏതെങ്കിലും തസ്തിക യിൽ പുനർനിയമനം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാ ക്കുമോ?

ഉത്തരം

(എ) റിട്ടയർ ചെയ്ത ആർക്കും പുനർനിയമനം നൽകിയിട്ടില്ല.
(ബി) പ്രസക്തമല്ല.
(സി) ബാധകമല്ല.
(ഡി) ഇല്ല.
(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly